**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1452

13.06.2014 ലെ
മറുപടിയ്ക്ക്

# കരിയർ ഗൈഡൻസ് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഹൈബി ഈഡൻ<br>" ഐ. സി. ബാലകൃഷ്ണൻ<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" എം. പി. വിൻസെന്റ് | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കരിയർ ഗൈഡൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദ മാക്കുമോ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) യും (ബി) യും | ഉണ്ട്. പ്രസ്തുത പദ്ധതിക്കായി 2013-14-സാമ്പത്തിക വർഷത്തിൽ 20 ലക്ഷം രൂപ, 80 പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് വേണ്ടി ചെലവഴിച്ചു. നടപ്പ് സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലകളിലെ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് വേണ്ടി ഒരു ദിവസം നീണ്ടു നിൽക്കുന്ന പരിശീലന ക്ലാസ്സുകളാണ് സംഘടിപ്പിക്കുന്നത്. ഓരോ ക്ലാസ്സിലും ശരാശരി 150 പേർ വീതമാണ് പങ്കെടുക്കുക. ഹൈസ്ക്കൂൾ / ഹയർ സെക്കന്ററി / കോളേജ് വിദ്യാഭ്യാസത്തിന് ശേഷം വിദ്യാർത്ഥികളുടെ അഭിരുചിക്ക് അനുസരിച്ച് ഉപരിപഠനത്തിന് വിവിധ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനും ഭാവിയിലെ ഉദ്യോഗലബ്ധിക്ക് പ്രാപ്തരാക്കുന്നതിനും, ആവശ്യമായ ശാസ്ത്രീയമായ പരിശീലനം നൽകുകയുമാണ് ലക്ഷ്യം. |
| (സി) ഏതുവിഭാഗത്തിലുള്ള വിദ്യാർത്ഥികളെയാണ് പ്രസ്തുത പദ്ധതിയുടെ പരിധി യിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) | ന്യൂനപക്ഷ വിഭാഗങ്ങളിൽ (മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിക്ക്, പാഴ്സി, ജൈനർ)പെട്ട എസ്.എസ്.എൽ.സി, +2, വി.എച്ച്.എസ്.സി തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളെയാണ് പദ്ധതിയുടെ പരിധിയിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) പ്രസ്തുത പദ്ധതി നടത്തിപ്പി നായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | ജില്ലാ കളക്ടറേറ്റുകൾക്ക് കീഴിലെ ന്യൂനപക്ഷ സെല്ലിന്റേയും, പരിശീലന കേന്ദ്രങ്ങളിലെ പ്രിൻസിപ്പലിന്റേയും നേരിട്ട് ചുമതലയിലും നിയന്ത്രണത്തിലുമാണ് പദ്ധതി നടത്തിപ്പ്. ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ പ്രോജക്ട് ആഫീസർ, ഇൻഫർമേഷൻ കം-റിസർച്ച് ആഫീസർ എന്നിവർ പദ്ധതിയുടെ നടത്തിപ്പിന് മേൽനോട്ടം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ